More Notes @ Arivintejalakam.in

## Repeated ancient Indian history Questions and Answers Part -1




Importent topics inculded in this post : vedas &Upanishads ( വേദങ്ങൾ &ഉപനിഷത്തുകൾ)
Pre-Historic Period (ചരിത്രാതീത  കാലം)

Question 1. ആര്യന്മാരുടെ ആദ്യകാല സംസ്കാരത്തെപ്പറ്റി സുചന നൽകുന്ന പുസ്തകങ്ങൾ ഏതാണ് ?

Answer : വേദങ്ങൾ

- ബി.സി. 1500 - 600 വരെയുള്ള കാലഘട്ടത്തെയാണ് വേദ കാലഘട്ടം എന്നറിയപ്പെടുന്നത്
- ഈ കാലഘട്ടത്തിൽ ആണ് വേദങ്ങൾ രചിക്കപ്പെട്ടത് എന്ന് കരുതപ്പെടുന്നു
- ഏറ്റവും പഴയതും ഹൈന്ദവദർശനങ്ങളുടെ അടിസ്ഥാനവുമായ ഗ്രന്ഥങ്ങളാണ് വേദങ്ങൾ
- ചതുർവേദങ്ങൾ എന്നറിയപ്പെടുന്ന 4 വേദങ്ങളാണ് ഉള്ളത്
- ചതുർവേദങ്ങൾ - ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം

Question 2. “സത്യമേവ ജയതേ” എന്ന വാക്യം ഏതു ഗ്രന്ഥത്തിൽ നിന്നുള്ളതാണ് ?

Answer : മുണ്ഡകോപനിഷത്ത്

- ഇന്ത്യയുടെ ദേശീയചിഹ്നത്തിൽ ചേർത്തിരിക്കുന്ന "സത്യമേവ ജയതേ" എന്ന വാക്യം, മുണ്ഡകോപനിഷത്തിന്റെ മൂന്നാം അദ്ധ്യായത്തിൽ നിന്നാണ് എടുത്തിരിക്കുന്നത്

Question 3. മാനവരാശിയുടെ വികാസത്തിന് കാരണമായ പ്രധാന കണ്ടുപിടിത്തം ഏതാണ് ?

For More Notes, Visit our website: Arivintejalakam.in

Answer : ചക്രം

- ബി.സി. 4000 ത്തിലേ ചക്രങ്ങൾ ഉപയോഗിക്കപ്പെട്ടിരുന്നു എന്ന് മധ്യ യൂറോപ്പ്, മെസപ്പൊട്ടോമിയ എന്നീ സ്ഥലങ്ങളിലെ ചരിത്ര അവശിഷ്ടങ്ങൾ സൂചിപ്പിക്കുന്നു
- ചക്രം മാത്രമല്ല തീ, ഇരുമ്പ് ഉപ്പ് തുടങ്ങിയവയുടെ കണ്ടുപിടുത്തങ്ങളും പ്രധാന കണ്ടുപിടുത്തങ്ങളാണ്

Question 4. ചരിത്രത്തിൽ രേഖപ്പെടുത്താത്ത കാലത്തെ നമ്മൾ എന്താണ് വിളിക്കുന്നത് ?

Answer : ചരിത്രാതീത കാലം

- ചരിത്രത്തിൽ രേഖപ്പെടുത്താതെ കാലത്തെ ചരിത്രാതീതകാലം അല്ലെങ്കിൽ Pre-Historic Period എന്നാണ് അറിയപ്പെടുന്നത്
- ഇതിനെ നമ്മൾ സാധാരണ മൂന്നായി ആണ് തരംതിരിക്കാറ് അതിനെ നമ്മൾ Three-age system എന്നാണ് വിളിക്കുന്നത്.

Three-age system

- *Stone Age* - ശിലായുഗം
- *Bronze Age* - വെങ്കല യുഗം
- *Iron Age* - ഇരുമ്പ്യുഗം

Question 5. ശിലായുഗ മനുഷ്യർ താമസിച്ചിരുന്ന ഗുഹകൾ കണ്ടെത്തിയ മധ്യപ്രദേശിലെ സ്ഥലം ഏതാണ് ?

Answer : ബിംബേഡ്ക

- മധ്യപ്രദേശിലെ ഇതിലെ റൈസൻ ജില്ലയിലാണ് ആണ് ബിംബേഡ്ക എന്ന സ്ഥലം
- *Madhya Pradesh, Raisen District*

Question 6. ഇന്ത്യൻ പൌരാണിക സംസ്കാരം ഉടലെടുത്ത നദീതീരം ഏതാണ് ?

Answer : സിന്ധു നദീതീരം